# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## സമ്പത്ത് പരിശുദ്ധമാക്കുക

16/12/2022

sufaraulislam.com

بسم الله الرحمن الرحيم

- അല്ലാഹു മനുഷ്യനെ ഏറ്റവും നല്ല ഘടനയോട് കൂടിയാണ് സൃഷ്ടിച്ചത്. മറ്റു സൃഷ്ടികളെക്കാൾ അവനെ ബഹുമാനിച്ചു.
- വിശിഷ്ടമായത് അവന് ഉപജീവനമായി നൽകി. മറ്റു സൃഷ്ടികളെക്കാൾ അവനെ ഉത്തമനാക്കി.
- മനുഷ്യന് വേണ്ടി അല്ലാഹു ഒരുക്കിയ മതവും വ്യക്തതയുള്ളതാണ്. എല്ലാ കാര്യങ്ങളും വിവരിച്ചു തന്നിട്ടുണ്ട്.
- സൃഷ്ടികൾ സ്രഷ്ടാവുമായുള്ള ബന്ധം നന്നാക്കാനും സൃഷ്ടികൾ പരസ്പരമുള്ള ബന്ധം നന്നാക്കാനും ധാരാളം നിയമങ്ങൾ ഇസ്ലാമിലുണ്ട്.

وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿النحل: ٨٩﴾

- അല്ലാഹു മതത്തിൽ അതിർവരമ്പുകൾ നിശ്ചയിച്ചിട്ടുണ്ട്. അവ  തെറ്റിക്കാൻ പാടില്ല.

تِلْكَ حُدُودُ اللَّهِ فَلَا تَقْرَبُوهَا  كَذَٰلِكَ يُبَيِّنُ اللَّهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿البقرة: ١٨٧﴾

- അതിർവരമ്പുകൾ തെറ്റിക്കാത്ത രീതിയിൽ നമ്മുടെ ആവശ്യങ്ങളെല്ലാം പൂർത്തീകരിക്കാൻ അല്ലാഹു അനുവദിക്കുന്നുണ്ട്.
- ധനം സമ്പാദിക്കുക, ചിലവഴിക്കുക ഇതെല്ലാം മനുഷ്യന്റെ പ്രകൃതിയിൽ പെട്ടതാണ്.
- ആ മേഖലയിൽ ഇസ്ലാം ധാരാളം നിയമങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്.

1. **ഹറാമും ഹലാലും നോക്കാതെ സമ്പാദിക്കുന്നതിനെ ഇസ്ലാം താക്കീതു ചെയ്തു.**

يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِن طَيِّبَاتِ مَا رَزَقْنَاكُمْ وَاشْكُرُوا لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾

2. **അമിതമായി ചിലവഴിക്കാൻ പാടില്ല.**

إِنَّ الْمُبَذِّرِينَ كَانُوا إِخْوَانَ الشَّيَاطِينِ  وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا ﴿الإسراء: ٢٧﴾

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ اللَّهَ كَرِهَ لَكُمْ ثَلاَثًا قِيلَ وَقَالَ، وَإِضَاعَةَ الْمَالِ، وَكَثْرَةَ السُّؤَالِ

നബി ﷺ പറഞ്ഞു: തീർച്ചയായും അല്ലാഹു മൂന്ന് കാര്യങ്ങൾ വെറുക്കുന്നു. അടിസ്ഥാനരഹിതങ്ങളായ വർത്തമാനങ്ങൾ, ധനം വെറുതെ പാഴാക്കിക്കളയൽ, അനാവശ്യവും അമിതവുമായ ചോദ്യങ്ങൾ എന്നിവയാണവ. (മുസ്‌ലിം)

قال قتادة التبذير النفقة في معصية الله تعالى وفي غير الحق وفي الفساد

ഖതാദ (റഹി) പറയുന്നു: തബ്ദീർ എന്നാൽ അല്ലാഹുവിനെ ധിക്കരിക്കുന്ന വിഷയത്തിലും, ന്യായമല്ലാത്ത കാര്യത്തിലും, കുഴപ്പത്തിലും (സമ്പത്ത്) ചെലവഴിക്കലാണ്. (ഇബ്നു കസീർ)

3. **കച്ചവട രംഗത്ത്**

الْمُسْلِمُ أَخُو الْمُسْلِمِ وَلاَ يَحِلُّ لِمُسْلِمٍ بَاعَ مِنْ أَخِيهِ بَيْعًا فِيهِ عَيْبٌ إِلاَّ بَيَّنَهُ لَهُ

മുസ്ലിം മുസ്ലിമിന്റെ സഹോദരനാണ്. താൻ കച്ചവടം നടത്തുന്ന ചരക്കിൽ വല്ല ന്യൂനതയും ഉണ്ടായിട്ട് അത് വെളിപ്പെടുത്താതെ കച്ചവടം നടത്താൻ ഒരു മുസ്ലിമിന് പാടുള്ളതല്ല. (ഇബ്നുമാജ)

4. **പലിശയുമായി ബന്ധപ്പെട്ട താക്കീതുകൾ**

عَنْ عَبْدِ اللَّهِ، قَالَ لَعَنَ رَسُولُ اللَّهِ صلى الله عليه وسلم آكِلَ الرِّبَا وَمُؤْكِلَهُ

അബ്ദുല്ലയിൽ(റ) നിന്ന് നിവേദനം: പലിശ തിന്നുന്നവനെയും തീറ്റിപ്പിക്കുന്നവനെയും നബി (സ്വ) ശപിച്ചിരിക്കുന്നു.(മുസ്‌ലിം)

5. **മുസ്ലിംങ്ങളുടെ പൊതു സ്വത്ത്.**

- നമ്മെ വിശ്വസിച്ച് ഏൽപ്പിച്ചത് എടുക്കുക എന്നത് ഹറാമായ സമ്പാദ്യമാണ്.
- പൊതുനന്മക്ക് വേണ്ടി ചിലവാക്കേണ്ടത് അന്യായമായി ചിലവാക്കുക എന്നത് ഗൌരവ്വമുള്ള കാര്യമാണ്. ഇതെല്ലാം അല്ലാഹുവിന്റെ കോപത്തിന് കാരണമാകും.

وعَنْ خَوْلَةَ الأنْصارِيَّةِ، قالَتْ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ :إنَّ رِجالًا يَتَخَوَّضُونَ فِي مالِ اللَّهِ بِغَيْرِ حَقٍّ فَلَهُمُ النّارُ يَوْمَ القِيامَةِ. ( البُخارِيُّ)

ഖൌല (റ) നബി (സ്വ) പറയുന്നതായി കേട്ടു. അർഹതപ്പെടാത്ത രീതിയിൽ അല്ലാഹുവിന്റെ സമ്പത്തിൽ മുഴുകുന്ന ചിലരുണ്ട്. അവർക്ക് പരലോകത്ത് നരകമാണുള്ളത്.

- കർമ്മ ശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞത് പൊതുസ്വത്ത് യതീമിന്റെ സ്ഥാനത്താണ് എന്നാണ്.
- അത് സംരക്ഷിക്കുന്ന കാര്യത്തിൽ, അത് എടുക്കുന്നതിന്റെ ഗൌരവ്വത്തിന്റെ കാര്യത്തിൽ, അത് നന്മക്ക് വേണ്ടി മാത്രം ഉപയോഗിക്കേണ്ട താൽപര്യത്തിന്റെ കാര്യത്തിലെല്ലാം...
- **പൊതുസ്വത്ത് രാഷ്ട്രത്തിന്റെ സ്വത്താണ്.**

وعَنْ عَدِيِّ بْنِ عُمَيْرَةَ قالَ: قالَ رَسُولُ اللَّهِ ﷺ: مَنِ اسْتَعْمَلْناهُ مِنكُم على عَمَلٍ فَكَتَمَنا مِخْيَطًا فَما فَوْقَهُ كانَ غُلُولًا يَأْتِي بِهِ يَوْم القِيامَة. ( مُسلم)

നാം ഒരാളെ ഒരു ജോലി ഏൽപ്പിച്ചു. അയാൾ ഒരു സൂചിയോ അതിനു മുകളിലുള്ളതോ നമ്മിൽ നിന്നും മറച്ചു വെച്ചു. എങ്കിലത് വഞ്ചനയാണ്. അയാൾ അതുമായി പരലോകത്ത് വരും.

وَمَا كَانَ لِنَبِيٍّ أَن يَغُلَّ وَمَن يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿آل عمران: ١٦١﴾

**ഈ ആയത്തിന്റെ വിവരണത്തിൽ മുഫസ്സിറുകൾ കൊണ്ടു വരുന്ന ഹദീസ്.**

وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لَا يَأْتِي أَحَدٌ مِنْكُمْ مِنْهَا بِشَيْءٍ إِلا جَاءَ بِهِ يَوْمَ الْقِيَامَةِ عَلَى رَقَبَتِهِ إِنْ كَانَ بَعِيرًا لَهُ رُغَاءٌ، أَوْ بَقَرَةً لَهَا خُوَارٌ، أَوْ شَاةً تَيْعَرُ" ثُمَّ رَفَعَ يَدَيْهِ حَتَّى رَأَيْنَا عُفْرَةَ إِبْطَيْهِ ثُمَّ قَالَ: اللَّهُمَّ هَلْ بَلَّغْتُ" ثَلاثًا.

(ഹദീസിന്റെ ആശയം;- മറ്റുള്ളവരുടെത് അപഹരിച്ചാൽ അതുമായി നാളെ പരലോകത്തു വരും. അത് മൃഗമായാലും, സമ്പത്തായാലും)

- ആരെങ്കിലും പൊതു സ്വത്ത് നശിപ്പിക്കുകയോ അതിൽ നിന്നും അന്യായമായി വല്ലതും എടുക്കുകയോ ചെയ്താൽ അത് തിരിച്ചു കൊടുക്കണം എന്നു ഫുഖഹാക്കൾ ഏകോപിച്ചിട്ടുണ്ട്.
- ഇതിനെ നിസാരമായി കാണുന്നവർ നബി (സ്വ) യുടെ അദ്ധ്യാപനം പഠിക്കണം.

عَنْ أَبِي بَكْرٍ رَضِيَ اللَّهُ عَنْهُ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ: لا يَدْخُلُ الْجَنَّةَ جَسَدٌ غُذِّيَ بِالْحَرَامِ

അബൂബക്കറിൽ(റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഹറാമിനാൽ പോഷണം നൽകപ്പെട്ട യാതൊരു ശരീരവും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (ബൈഹഖി)

**നല്ലത് മാത്രം സമ്പാദിക്കുന്നവർ ദീനുള്ളവരാണ്.**

- അവരുടെ അഭിമാനം സുരക്ഷിതമാണ്. കൈകൾ പവിത്രമാണ്. അവരുടെ രിസ്കിൽ ബറക്കത്ത് ഉണ്ടാവും. ജനങ്ങൾ അവരെക്കുറിച്ച് നല്ലതു മാത്രം പറയും.
- നബി (സ്വ) യും സ്വഹാബിമാരും ഹലാലുകൾ മാത്രം ഭക്ഷിക്കാൻ ശ്രദ്ധ കാണിച്ചിരുന്നു.

- സുന്നത്തിന്റെ ആളുകൾ തിന്നുന്നതും കുടിക്കുന്നതും ഹലാൽ മാത്രമായിരിക്കണം എന്നു ഉപദേശിച്ചിരുന്നു.
- **നബി (സ്വ) പറഞ്ഞു;**

مَن أكَلَ طَيِّبًا وعَمِلَ في سُنَّةٍ وأمِنَ النّاسُ بَوائِقَهُ دَخَلَ الجَنَّةَ

ഒരാൾ ഹലാൽ മാത്രം ഭക്ഷിക്കുകയും സുന്നത്തനുസരിച്ച് പ്രവർത്തിക്കുകയും ജനങ്ങൾ അവന്റെ ഉപദ്രവത്തെക്കുറിച്ച് നിർഭയരായിരിക്കുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു.

إنَّكَ لَنْ تَدَعَ شَيْئًا اتِّقاءَ اللَّهِ إلّا أعْطاكَ اللَّهُ خَيْرًا مِنهُ

നബി (സ്വ) പറഞ്ഞു: നീ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് (നിഷിദ്ധമായ) ഒരു കാര്യം ഉപേക്ഷിച്ചാൽ, അതിനേക്കാൾ നല്ലത് അവൻ നിനക്ക് പകരം നൽകാതിരിക്കില്ല' (മുസ്നദ് അഹ്മദ്)

**അല്ലാഹു ത്വയ്യിബാണ്. ത്വയ്യിബല്ലാത്തത് അവൻ സ്വീകരിക്കില്ല.**

عَنْ أَبِي هُرَيْرَةَ، قالَ: قالَ رَسُولُ اللهِ ﷺ: أيُّها النّاسُ، إنَّ اللهَ طَيِّبٌ لا يَقْبَلُ إلّا طَيِّبًا،

**ഹലാലും ഹറാമും വിചാരണം നേരിടും**

- ഹലാൽ മാത്രം ഉപയോഗിക്കുക എന്നത് നന്മ മാത്രമല്ല, നാം ചോദ്യം ചെയ്യപ്പെടുന്ന ഒരു മേഖല കൂടിയാണ്.

عَنْ أَبِي الدَّرْداءِ، قالَ: قالَ رَسُولُ اللهِ ﷺ :لا تَزُولُ قَدَمُ عَبْدٍ يَوْمَ القِيامَةِ حَتّى يُسْأَلَ عَنْ أرْبَعٍ: عَنْ شَبابِهِ فِيما أبْلاهُ، وعَنْ عُمْرِهِ فِيما أفْناهُ، وعَنْ مالِهِ مِن أيْنَ اكْتَسَبَهُ، وفِيما أنْفَقَهُ

**ഹറാമിന്റെ പിറകെ പോകുന്നതിനുള്ള കാരണങ്ങൾ**

- ദുനിയാവിന്റെ പിറകെ ഓടുക, ഇച്ഛകളെ പിന്തുടരുക, വിചാരണ മറന്നു കൊണ്ട് സമ്പത്തിന്റെ പിറകെ ഓടുക ഇതെല്ലാമാണ് ഈ വിഷയത്തിൽ വഞ്ചന കാണിക്കുന്നതിൽ എത്തിക്കുന്നത്.

عَنْ أَبِي أُمَامَةَ الْبَاهِلِيِّ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ رُوحَ الْقُدُسِ نَفَثَ فِي رُوعِي أَنَّ نَفْساً لَنْ تَمُوتَ حَتَّى تَسْتَكْمِلَ أَجَلَهَا، وَتَسْتَوْعِبَ رِزْقَهَا، فَاتَّقُوا اللهَ، وَأَجْمِلُوا فِي الطَّلَبِ، وَلاَ يَحْمِلَنَّ أَحَدَكُمُ اسْتِبْطَاءُ الرِّزْقِ أَنْ يَطْلُبَهُ بِمَعْصِيَةٍ، فَإِنَّ اللهَ تَعَالَى لاَ يُنَالُ مَا عِنْدَهُ إلاَّ بِطَاعَتِهِ

അബൂഉമാമ അൽ ബാഹിലിയ്യ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: റൂഹുൽ ഖുദ്ദുസ് (ജിബ്രീൽ) എന്റെ ഹൃദയത്തിൽ ഇട്ടുതന്നിരിക്കുന്നു. ഒരു ആത്മാവും തനിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉപജീവനം തേടിപ്പിടിക്കാതെ മരിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ അല്ലാ

ഹുവിനെ സൂക്ഷിക്കുക, ഉപജീവനം അന്വേഷിക്കുന്നത് മാന്യമായ രൂപത്തിലാക്കുക. നിങ്ങളിൽ ആരും അനുസരണക്കേടുകളിലൂടെ അവന്റെ ഉപജീവനം തേടാൻ നിർബന്ധിതരാകരുത്. തീർച്ചയായും അല്ലാഹുവിന്റെ അടുക്കലുള്ളത് അവനെ അനുസരിക്കുന്ന തിലൂടെ അല്ലാതെ നേടാനാവില്ല.

**ഹാതിമുൽ അസമ്മ് (റ) പറഞ്ഞു:**

قال حاتم الأصم رحمه الله:علمت أن رزقي لا يأكله غيري، فاطمأنت به نفسي

എനിക്ക് നിശ്ചയിക്കപ്പെട്ട ഉപജീവനം മറ്റാരും ഭക്ഷിക്കില്ലെന്ന് ഞാനറിഞ്ഞു. അങ്ങനെ എന്റെ മനസ്സ് ശാന്തമായി. (സിയറു അഅ`ലാമിന്നുബലാ)

**സമ്പത്ത് അല്ലാഹുവിന്റെ അനുഗ്രഹവും പരീക്ഷണവുമാണ്.**

- സമ്പത്തു കൊണ്ട് സ്വർഗം നേടാൻ പരിശ്രമിക്കുക.
- ഹലാലയതു മാത്രം സമ്പാദിക്കുക, നല്ലതിന് വേണ്ടി മാത്രം ചിലവാക്കുക
- നമ്മുടെ സമ്പത്തിൽനിന്നും അർഹരായവർക്ക് സ്വദഖയായും സകാത്തായും നൽകേണ്ടത് റബ്ബിന്റെ പ്രതിഫലം ആഗ്രഹിച്ച് നൽകുക

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+966581416662) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.